# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1699 | 31.01.2018-ൽ മറുപടിയ്ക്ക് |
|---|---|
| **കിച്ചൻ ബിന്നുകൾ സ്ഥാപിച്ചതിന്റെ നടപടികൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.വി.എസ്.ശിവകുമാർ** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | മാലിന്യസംസ്കരണ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് സൗജന്യമായി കിച്ചൺ ബിന്നുകൾ സ്ഥാപിച്ചതിന്റെ മറവിൽ തിരുവനന്തപുരം കോർപ്പറേഷനിൽ കോടികളുടെ അഴിമതി നടന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഈ പദ്ധതി പ്രകാരം എത്ര കിച്ചൺ ബിന്നുകളാണ് സ്ഥാപിച്ചതെന്നും ഏത് സ്ഥാപനത്തിൽ നിന്നുമാണ് ഇതിനായുള്ള ബിന്നുകൾ വാങ്ങിയതെന്നും വ്യക്തമാക്കാമോ; | (ബി) | 2937 എണ്ണം, ഐ.ആർ.റ്റി.സി. പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും. |
| (സി) | പ്രസ്തുത സ്ഥാപനം ശുചിത്വ മിഷൻ അംഗീകൃത ഏജൻസി പട്ടികയിൽ ഉൾപ്പെട്ടതാണോ; | (സി) | അതെ |
| (ഡി) | ശുചിത്വ മിഷൻ അംഗീകരിച്ച മറ്റ് ഏജൻസികളെ ഒഴിവാക്കി ഒരു ഏജൻസിയിൽ നിന്നു മാത്രം ഇൻവോയിസ് വാങ്ങിയ സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനത്തിന് ഇതിനകം എന്ത് തുക നൽകിയെന്ന് വിശദമാക്കാമോ? | (ഡി) | ഐ.ആർ.റ്റി.സി. അക്രഡിറ്റഡ് ഏജൻസിയാണ്. അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും നേരിട്ട് സാധനം വാങ്ങി പദ്ധതി നിർവ്വഹണം നടത്തുന്നതിന് അനുമതിയുള്ളതാണ്. കമ്പോസ്റ്റിംഗ് മേഖലയിൽ ശുചിത്വമിഷൻ അംഗീകരിച്ച അക്രഡിറ്റഡ് ഏജൻസികൾക്ക് ഇൻവോയിസ് നൽകണമെന്ന് കാണിച്ച് അറിയിപ്പ് നൽകിയിരുന്നെങ്കിലും ഐ.ആർ.റ്റി.സി.യിൽ നിന്നുമാണ് ഇൻവോയിസ് ലഭിച്ചത്. പ്രസ്തുത സ്ഥാപനത്തിന് 56,99,880/- രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ